ശ്രീ. തച്ചടി പ്രഭാകരൻ: ആ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

(ചോദ്യം നമ്പർ 409 ചോദിച്ചില്ല)

ഇൻസ്പെക്ഷൻ ഫീസ്

* 270 (410) ശ്രീ. വി.കെ. രാജൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ടി.കണാരൻ:
,, എം.കെ. കേശവൻ:
,, കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റിബോർഡ് ഉപഭോക്താക്കളിൽ നിന്നു ഇൻസ്പെക്ഷൻഫീസ് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉപഭോക്താവിൽ നിന്നും എന്തു തുകവീതമാണ് ഈടാക്കുന്നത്;

(സി) ഈ തുക ഈടാക്കിയതിനുശേഷം ബോർഡ് കൃത്യമായി ഇൻസ്പെക്ഷൻ നടത്തുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ലോ വോൾട്ടേജ് ഉപഭോക്താക്കളിൽനിന്നും സർക്കാരിനു വേണ്ടി ഇലക്ട്രിസിറ്റി ബോർഡ് ഇൻസ്പെക്ഷൻ ഫീസ് പിരിക്കുന്നുണ്ട്.

(ബി) ഒരു മാസം 5 പൈസ.

(സി) ഇൻസ്പെക്ഷൻ നടത്തുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വകുപ്പാണ്. ലോ ടെൻഷൻ ഉപഭോക്താക്കളുടെയും മീഡിയം വോൾട്ടേജ് ഉപഭോക്താക്കളുടേയും ഇൻസ്റ്റലേഷനുകൾ ഇൻസ്പെക്ട് ചെയ്യുന്ന ജോലിക്ക് ആവശ്യമായ സ്റ്റാഫിന്റെ കുറവുമൂലം കൃത്യമായി നടത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഹൈ ടെൻഷൻ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ ജോലി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കൃത്യമായി നടത്തുന്നുണ്ട്.

(ഡി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഇപ്പോൾ പുനഃസംഘടിപ്പിക്കുന്നുണ്ട്. അതു പൂർത്തിയായി കഴിഞ്ഞാൽ ഇൻസ്പെക്ഷൻ ജോലി തൃപ്തികരമായി ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. വി.കെ. രാജൻ: മീറ്റർ റീഡിംഗ് നടത്താതെ ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നതിന്റെ യുക്തിയെന്താണ്? അതൊഴിവാക്കാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മീറർ റീഡിംഗിനെക്കുറിച്ചല്ല അദ്ദേഹം ചോദ്യം ചോദിച്ചിരിക്കുന്നത്. മീറർ ഇൻസ്പെക്ഷനെ കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. സാധാരണ ഉപഭോക്താക്കൾക്ക് ആറുമാസത്തിലൊരിക്കലാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. അത് മൊത്തത്തിലംഗീകരിച്ചിട്ടുള്ള ഒരു തത്വമാണ്. ഒരു വീട്ടിലെയോ, സ്ഥാപനത്തിലെയോ മീറിനു് എന്തെങ്കിലും കേടുണ്ടോ, വയറിംഗിൽ എന്തെങ്കിലും കേടുണ്ടോ, ഇതിനു് അപകടമെന്തെങ്കിലുമുണ്ടോ, എർത്തുണ്ടോ എന്നീ കാര്യങ്ങളൊക്കെ പരിശോധിക്കുന്നത് ഇൻസ്പെക്ടറാണ്. അതിനെക്കുറിച്ചാണ് ചോദിച്ചത്.

ശ്രീ. വി.കെ. രാജൻ: അങ്ങനെ പരിശോധനയില്ലാതെ നിരവധി അപകടങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് അതിന് സ്ഥിരമായി ഇൻസ്പെക്ടറെക്കൊണ്ട് ഇൻസ്പെക്ഷൻ നടത്തുന്നതിനു് എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാസ്സായ ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറിന്റെ കീഴിൽ പണിയെടുക്കുന്നുണ്ട്. അവരെ തിരഞ്ഞെടുത്തു കിട്ടാൻ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും കാലതാമസമുണ്ടായി. എന്നാൽ ഇപ്പോൾ അവരെ തിരഞ്ഞെടുത്തു കിട്ടിയിട്ടുണ്ട്. തസ്തിക കളെല്ലാം മുഴുവനായിത്തന്നെ നികത്തി വയനാട്, കാസർകോട് ജില്ല കളൊഴികെയുള്ള എല്ലാ ജില്ലകളിലും ഇതിനുവേണ്ടി റീജിയണൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറിന്റെ ഓഫീസുകൾ തുറക്കാൻ ഗവൺമെന്റ് ഉത്തരവു കൊടുത്തുകഴിഞ്ഞിട്ടുണ്ട്. സാധാരണ ഗാർഹിക ഉപഭോക്താക്കൾക്ക് നിയമമനുസരിച്ച് ഇൻസ്പെക്ഷൻ നടത്തുന്നത് അഞ്ചുകൊല്ലത്തിലൊരിക്കലാണ്. അതേസമയത്ത് സിനിമാതിയേറ്റർ പോലുള്ള എച്ച്. ടി. ഉപഭോക്താക്കൾക്ക് രണ്ടുവർഷത്തിലൊരിക്കലും വളരെ പ്രധാനപ്പെട്ട വൻകിട വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഒരുകൊല്ലത്തിലൊരിക്കലുമാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. ആളുകളുടെ കുറവുമൂലം രണ്ടുകൊല്ലത്തിലൊരിക്കലും ഒരു കൊല്ലത്തിലൊരിക്കലുമുള്ള ഇൻസ്പെക്ഷൻ മാത്രമേ ഇപ്പോൾ കാര്യമായി നടത്തുന്നുള്ളൂ. ഇരുപത് ഇരുപത്തഞ്ചുലക്ഷം വരുന്ന ഉപഭോക്താക്കളുള്ളതുകൊണ്ട് രണ്ട് വർഷത്തിലൊരിക്കൽ വീടുകൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറിലെ എഞ്ചിനീയർമാർ ഇൻസ്പെക്ഷൻ നടത്തിയിരിക്കണം, കുഴപ്പങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അത് ബോർഡിനെ അറിയിച്ചിരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ.ഇ. ഇസ്മയിൽ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു പോലെ വീടുകളിൽ യഥാകാലങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുന്നില്ല. അതിന്റെ ഫലമായി കണക്ഷൻ കൊടുത്തിട്ടുള്ള സാധാരണ ആളുകൾക്കും കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ട ആളുകൾക്കും അൻപതു യൂണിറ്റുവരെ ഉപയോഗിക്കാവുന്ന സ്ലാബിൽ കൃത്യമായി പണമടയ്ക്കുന്നവർക്ക് പത്തും പന്ത്രണ്ടും മാസങ്ങൾ കൂടുമ്പോൾ അഞ്ഞൂറും അറുന്നൂറും രൂപയുടെ ബില്ല് അഡീഷണലായിട്ട് വരികയാണ്. ഇത്തരം ബില്ലുകൾ വരികയും പറയുന്ന തീയതിക്കകം പണമടച്ചില്ലെങ്കിൽ അവരുടെ കണക്ഷൻ ഡിസ്കണക്ട് ചെയ്യുകയും ചെയ്യുന്ന നടപടികൾ ഇന്ന് ഉണ്ടാകുന്നുണ്ട്. ഇത് പരാതികളുമായി പോകുമ്പോൾ മീറിന്റെ കുഴപ്പംകൊണ്ടാണെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ വർഷങ്ങളായി ഇത് പരിശോധിക്കുന്നില്ല. ഇങ്ങനെ സാധാരണക്കാരുടെ ഫ്യൂസ് ഊരുന്ന നടപടികൾവരെ നടക്കുന്നുണ്ട്. അതുകൊണ്ട് അടിയന്തിരമായും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ചോദ്യം അതല്ലെങ്കിലും ഉത്തരം പറയാം. മീറ്റർ പരിശോധന അല്ല ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ചെയ്യുന്നത്, ഇൻസ്റ്റലേഷന്റെ പരിശോധനയാണ്. ഇലക്ട്രിക്കൽ ഇൻസ്റ്റലേഷന്റെ പരിശോധന ഇലക്ട്രിസിറ്റി ബോർഡിനല്ല. അതായത് വയറിംഗ് കോൺട്രാക്ടറേഴ്സ് ചെയ്യുന്ന ജോലിക്ക് ലൈസൻസ് കൊടുത്തിട്ടുള്ളത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റാണ്. അപ്പോൾ മീറ്ററിന്റെ ഡിഫക്ടല്ല പ്രശ്നം. മീറ്ററിന്റെ ഡിഫക്ട് പരിശോധിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. മീറ്റർ ഇൻസ്പെക്ഷൻ എന്ന് പറയുന്നത്, ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നടപ്പിലാക്കുന്നത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റാണ്. അവരെക്കുറിച്ചാണ് ചോദ്യം വന്നിരിക്കുന്നത്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീറ്റർ കേടാവുകയോ അല്ലെങ്കിൽ മാറ്റ് അപകടങ്ങളോ ഉണ്ടാകാതിരിക്കാൻവേണ്ടി സ്വസ്ഥാനത്തെ കേടായ മുഴുവൻ മീറ്ററുകളും മാറ്റുന്ന സമഗ്രമായ ചുമതല ബോർഡ് ഏറ്റെടുത്തിരിക്കുന്നു. രണ്ടുലക്ഷം പുതിയ മീറ്ററുകൾ ഒന്നു രണ്ടു വർഷത്തിനകം വയ്ക്കാൻ ഉള്ള നടപടികൾ ആരംഭിച്ച് മുന്നോട്ട് പോകുന്നുണ്ട്. കേടായ മുഴുവൻ മീറ്ററുകളും മാറ്റുകയാണ്. ആറു മാസത്തിലൊരിക്കൽ വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിന് ബില്ലു കൊടുക്കുകയാണ് ചെയ്യുന്നത്. സ്ലാബ് കഴിഞ്ഞ് ബാക്കിവരുന്ന തുകയ്ക്ക് ബില്ലുകൾ കൊടുക്കുക പതിവുണ്ട്. അത് തുടരാതിരിക്കാൻ നിവൃത്തിയില്ല. മീറ്റർ കറങ്ങുന്നതനുസരിച്ച് ഇലക്ട്രിസിറ്റിബോർഡിന് പണം ഈടാക്കാതിരിക്കാൻ നിവൃത്തിയില്ല. പക്ഷേ കേടായ മീറ്ററുകൾ മാറ്റുന്നതിന് സമഗ്രമായ പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ മീറ്റർ റീഡിംഗിന്റെ കാര്യമേയല്ല ചോദിച്ചത്. സാധാരണഗതിയിൽ സ്ലാബ് സിസ്റ്റം അംഗീകരിച്ച ആളുകൾക്ക് അഞ്ചു യൂണിറ്റു വരെയുള്ള വീടുകളിൽ പതിനഞ്ചോ ഇരുപതോ യൂണിറ്റ് ആകെ കത്തിക്കേണ്ട കാര്യമേ വരുന്നുള്ളൂ. ആ തരം ആളുകൾക്ക് എട്ടോ പത്തോ മാസം കഴിയുമ്പോൾ അഞ്ഞൂറും അറുനൂറും നിങ്ങൾ എക്സസ് ആയി ഉപയോഗിച്ചിരിക്കുന്നു എന്നു പറഞ്ഞ് ബിൽ വരുന്നത് മീറ്ററിന്റെ കുഴപ്പം കൊണ്ടാണ്. ആ മീറ്ററിന്റെ കുഴപ്പം ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാതെ അത് ഡിസ്കണക്ട് ചെയ്യുന്ന സമ്പ്രദായം പാവപ്പെട്ട ആളുകളെ അന്ധകാരത്തിൽ ആഴ്ത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ ഉത്തരം പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നില്ലെന്നുള്ളതുകൊണ്ടാണ് ഈ സ്ഥിതി ഉണ്ടാകുന്നത്. അതുകൊണ്ടാണ് അത് പരിശോധിക്കാനും അത്തരം ആളുകൾക്ക് സ്റ്റേ കൊടുക്കാനും മീറ്ററിന് തകരാറ് ഉണ്ടെങ്കിൽ അത് മാറ്റി സ്ഥാപിക്കാനും ആവശ്യമായ നടപടികൾ എടുക്കണം എന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇങ്ങനെയുള്ള പരാതികൾ പരിശോധിക്കാനും മീറ്റർ പരിശോധിക്കാനും ഇങ്ങനെയുള്ള തുകയ്ക്ക് സ്റ്റേ കൊടുക്കാനും ഇൻസ്റ്റ്രക്ഷൻ കൊടുക്കാനും ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. വളരെ വ്യക്തമായി കുഴപ്പമുണ്ടെന്ന് തോന്നുന്ന കേസുകളിൽ ഈ തുക ഇളച്ചു കൊടുത്തിട്ടുള്ള അനുഭവങ്ങളും എത്രയോ ഉണ്ട്. അത് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള അധികാരം ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ട്. അത് പരിശോധിച്ചശേഷം കൊടുക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കരണ്ട് കൺസപ്ഷൻ പുനർനിർണ്ണയം ചെയ്ത് രണ്ടാമത് ബിൽ കൊടുക്കുന്ന സമ്പ്രദായവും ബോർഡിൽ ഉണ്ട്. അതുകൊണ്ട് അങ്ങനെയുള്ള പരാതികൾ അതാതു സമയം തന്നെ ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിക്കഴിഞ്ഞു.

ശ്രീ. കെ. ടി. കണാരൻ: സർ, ഇലക്ട്രിസിറ്റി ബോർഡ് അതിന്റെ ഉപഭോക്താക്കൾക്ക് നൽകേണ്ട പല കാര്യങ്ങളും നൽകാതെ, ഇലക്ട്രിസിറ്റി ഇൻസ്പെക്ഷനായാലും മീറ്റർ ഇൻസ്പെക്ഷനായാലും വളരെ നിയമവിരുദ്ധമായി. ജനങ്ങളിൽ ഏറ്റവുമധികം ആക്ഷേപകരമായ വിധത്തിൽ പിടിച്ചുപറി നടത്തുന്നവിധത്തിൽ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി രാജ്യവ്യാപകമായി ജനങ്ങളിൽ അസംതൃപ്തിയും പ്രതിഷേധവുമുണ്ട്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പ്രത്യേകിച്ച് ഫീസ് ഈടാക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകമായ സ്ക്രൂട്ടിണി നടത്തി ആവശ്യമായ പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ നടപടിയെടുക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇലക്ട്രിസിറ്റി ബോർഡ് ഇൻഡ്യയിലെ ഏറ്റവും കുറച്ച് വിലയ്ക്ക് വിദ്യുച്ഛക്തി വിൽക്കുന്ന ഒരു സ്ഥാപനമാണ്. ഇത് ഇവിടെയൊന്നും നിൽക്കുകയില്ല. നമ്മൾ ഇപ്പോൾ 30 പൈസയ്ക്കും 12 പൈസയ്ക്കും 17 പൈസയ്ക്കും വിൽക്കുന്ന വിദ്യുച്ഛക്തി 90 പൈസയ്ക്ക് നാം വിലയ്ക്ക് വാങ്ങുന്ന കാലഘട്ടത്തിലാണ് ഈ ചോദ്യം. ഇതിനെക്കാൾ വ്യാകരമായി വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്യുന്ന സംസ്ഥാനം ലോകത്ത് എവിടെയെങ്കിലും ഉണ്ടോയെന്ന് സംശയമാണ്. എന്നിട്ടും പരാതി പറഞ്ഞാൽ എന്തു ചെയ്യും? റീഡിംഗ് ഓക്കെയാക്കുന്നത് മനുഷ്യരാണ്. ഉത്തരവാദിത്തത്തോടുകൂടി ഈ കാര്യങ്ങളെക്കെ ചെയ്യാൻ അവർ തയ്യാറായാൽ പരാതികൾ കുറഞ്ഞിരിക്കും എന്നു മാത്രമേ ഇതിനെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

ശ്രീ. കെ. ടി. കണാരൻ: നമ്മുടെ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ഈ രംഗത്ത് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് "ഞാനും ഓളും തട്ടാനും" എന്ന ഗ്രാമപ്രദേശത്ത് ഒരു വാചകമുണ്ട്, അതുപോലെയാണ് ഈ രണ്ടു നിലനിൽക്കുന്നത്. ഭരണരംഗത്ത് ജനപ്രതിനിധികളെ പങ്കെടുപ്പിക്കുന്ന ജനാധിപത്യ സ്വഭാവത്തെ മുൻനിർത്തി 1980-ൽ നിലവിൽവന്ന ഇതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ ഡിപ്പാർട്ടുമെന്റിൽ സഹായകരമായ നിലയിൽ പ്രവർത്തിക്കുന്നതിന് എം. എൽ. എ. മാരും

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് പ്രസിഡൻറുമാരും അടങ്ങിയിട്ടുള്ള ഡിവിഷനിസ്ഥാനത്തിൽ അല്ലെങ്കിൽ സെക്ഷനിസ്ഥാനത്തിൽ ഉപദേശകസമിതികൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ അർത്ഥത്തിൽ ഉള്ള യാതൊന്നും ഇന്ന് നടക്കുന്നില്ല. അതുകൊണ്ട് ആ അർത്ഥത്തിൽ ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ജനങ്ങളുടെ ആക്ഷേപങ്ങൾക്ക് പരിഹാരം കാണാൻ പര്യാപ്തമായ നിലയിൽ അത്തരം ഉപദേശകസമിതികൾക്ക് രൂപംകൊടുക്കാൻ മുൻകയ്യെടുക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ''ഞാനും ആലപ്പുഴയിലെ ഒരു മുതലാളിയും തണ്ടാനും?'' എന്നായിരുന്നു ഇതിൽ വ്യവസ്ഥിതി. അത് മാറാനാണ് ഞാൻ ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കുറേക്കാലമായി അത് മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. കെ. കേശവൻ: ഇൻസ്പെക്ഷൻ ചാർജ് എന്ന നിലയിൽ ഓരോ മാസവും 50 നയാപൈസ വീതം കൺസ്യൂമറുടെ കൈയിൽനിന്ന് വാങ്ങുന്നുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇൻസ്പെക്ഷൻ നടത്തിയാലും ഇല്ലെങ്കിലും ഈ ചാർജ് വാങ്ങിക്കൊണ്ടിരിക്കുന്ന നിലയ്ക്ക് ഇൻസ്പെക്ഷൻ നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള ബാദ്ധ്യതയിൽനിന്ന് ഇലക്ട്രിസിറ്റി ബോർഡ് ഒഴിഞ്ഞുമാറുന്നത് എന്തിനാണ് എന്ന ചോദ്യത്തിന് ഉത്തരം പറയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇത് ബോർഡ് അല്ല ചെയ്യുന്നത്. ഇൻസ്പെക്ഷനുവേണ്ടി വാങ്ങുന്ന തുക ബോർഡ് അതാതു മാസത്തിൽ ഗവൺമെൻറ് ഖജനാവിലേക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്; അവർ ഈ ബാദ്ധ്യത ചെയ്യണം, ചെയ്യുമെന്ന് ഞാൻ പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിനെ ഇങ്ങനെ വാങ്ങുന്ന 50 റൊക്കം പൈസയുമായി യാതൊരു ബന്ധവുമില്ല. അതിൽ പിരിക്കുന്നതിനുള്ള ചെലവിനുവേണ്ടി ഗവൺമെൻറ് ഇലക്ട്രിസിറ്റി ബോർഡ് എടുക്കണമെന്നു സമ്മതിച്ചിട്ടുള്ള ഒരു ശതമാനമോ ഒന്നര ശതമാനമോ തുക എടുത്തുകൊണ്ട് ബാക്കി ഖജനാവിലേക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. അത് ഗവൺമെൻറിനു കിട്ടുന്ന റവന്യൂ ആണ്. അത് ബോർഡിനു കിട്ടുന്നതല്ല.

ശ്രീ. എം. കെ. കേശവൻ: മന്ത്രി പറഞ്ഞതിൽനിന്നുതന്നെയാണ് ഈ ചോദ്യം. ഇലക്ട്രിസിറ്റി ബോർഡ് ഒന്നര ശതമാനം എടുത്തുകൊണ്ട് ബാക്കി ഗവൺമെൻറിലേക്ക് അടയ്ക്കുന്നുവെന്നാണ് പറഞ്ഞത്. അപ്പോൾ ഉത്തരവാദിത്വം വഹിക്കേണ്ട ബാദ്ധ്യത, മന്ത്രി എന്തു പറഞ്ഞാലും ഒഴിഞ്ഞാലും ഇലക്ട്രിസിറ്റി ബോർഡിനുതന്നെയാണ്. അതുകൊണ്ട് ഇൻസ്പെക്ഷൻ നടത്തേണ്ട സന്ദർഭങ്ങളിൽ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ചുമതല ഇലക്ട്രിസിറ്റി ബോർഡിനല്ലെങ്കിൽ പിന്നെ ആർക്കാണെന്നുകൂടി തീരുമാനമുണ്ടാകണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പോസ്റ്റ് ആഫീസ് വഴിയാണ് മണി ഓർഡർ അയക്കുന്നത് എന്നുള്ളതുകൊണ്ട് അയച്ച തുക കുറഞ്ഞുപോയതിനുള്ള അവകാശം പോസ്റ്റ് ആഫീസിനാണെന്ന് പറയുന്ന ന്യായമേ ഇതിനകത്തുള്ളൂ. എന്താണെന്നുവച്ചാൽ ഈ തുക അടയ്ക്കുന്നത് ട്രഷറിയിലാണ്. ട്രഷറിയിലേക്ക് അടയ്ക്കുന്നതിനു വേണ്ടി സർക്കാരിനു കൂടുതൽ തുക ചെലവാക്കാൻ കഴിയാത്തതുകൊണ്ട് ബോർഡ് പിരിച്ച് ഗവൺമെൻറിൽ അടയ്ക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഇത് ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനാണ്. ഈ സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ മാറ്റാൻ ഇൻഡ്യൻ പാർലമെന്റിന് മാത്രമേ അവകാശമുള്ളൂ. ഇത് ഗവൺമെന്റിനു് അവകാശമുള്ള ഒരു കാര്യമല്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഈ പണം അവരുടെ റവന്യൂ ആയിട്ട് ബഡ്ജറ്റിൽ കാണിച്ചിട്ടുണ്ട്. ഈ റവന്യൂ ഗവൺമെന്റിലേക്ക് വരുന്നു. ഇതിൽ നിന്ന് ആണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനുവേണ്ടി എസ്റ്റാബ്ലിഷ്മെന്റ് ആയി ചെലവാക്കുന്നത്. അതല്ലാതെ ഇലക്ട്രിസിറ്റി ബോർഡും പിരിവുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഉപഭോക്താക്കളിൽനിന്ന് 50 പൈസ വീതം ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നതിന്റെ ഫലമായി ഒരു വർഷം നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡ് കളക്ട് ചെയ്യുന്ന പണം എത്രയാണ്, കഴിഞ്ഞ അഞ്ചു വർഷക്കാലമായി എത്ര രൂപ സംസ്ഥാന ഗവൺമെന്റിലേക്ക് അടച്ചിട്ടുണ്ട്, കുടിശ്ശിക എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പക്ഷേ അഞ്ചുകൊല്ലമായിട്ടുള്ള ഒരു കാര്യം വ്യക്തമാക്കാം. 1980 വരെ വളരെ കൂടുതൽ കുടിശ്ശിക ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഗവൺമെന്റിന് കിട്ടാനുണ്ടായിരുന്നു. ഇൻസ്പെക്ഷൻ ഫീസ് ഉൾപ്പെടെയുള്ളത് ഇലക്ട്രിസിറ്റി ബോർഡ് കൃത്യമായി അടച്ചു കൊണ്ടിരുന്നു. പക്ഷേ 1980-നുശേഷം ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് പണമില്ലെങ്കിലും ശരി ഇലക്ട്രിസിറ്റി ബോർഡ് പലിശയിനത്തിലും ഈ പിരിക്കുന്ന തുകയും കൃത്യമായും അതാതു മാസം അടച്ചിരിക്കണമെന്നാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഒരു മാസം 50 ലക്ഷം രൂപ വീതം കൃത്യമായി ഖജനാവിൽ അടച്ചിരിക്കണമെന്നും തീരുമാനമെടുത്തിട്ടുണ്ട്. ഇപ്പോൾ വളരെയൊന്നും കുടിശ്ശികയില്ല. കാരണം കഴിഞ്ഞ രണ്ടുമൂന്നു വർഷമായി ബോർഡ് ലാഭത്തിലാണ് എന്നുള്ളതുകൊണ്ട് സ്വാഭാവികമായും ഈ പണം അടച്ചശേഷം ഉള്ള കണക്കാണ് ലാഭത്തിനേറത്. അതുകൊണ്ട് വളരെയൊന്നും കുടിശ്ശിക ഉണ്ടാകാൻ ഇടയില്ല.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ശരിയായ ഉത്തരമൊന്നുമല്ല പറഞ്ഞത്. ഇൻസ്പെക്ഷൻ ഫീസിനെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചാൽ ഇങ്ങനെ ഉത്തരം പറഞ്ഞാൽ ശരിയാവുകയില്ല. അതിന് ഇനി പ്രത്യേകം ചോദ്യം ചോദിക്കുവാനും പറയുകയില്ല. ഈ ചോദ്യത്തിന്റെ പരിധിക്കുള്ളിൽ വരുന്ന ചോദ്യമാണ് ഞാൻ ചോദിച്ചത്. അതിന് കൃത്യമായി മറുപടി കിട്ടിയില്ലെങ്കിൽ ബുദ്ധിമുട്ടാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ചോദ്യത്തിന്റെ പരിധിയിൽ എങ്ങനെയാണ് വരുന്നത്. ഈ തുക ഈടാക്കിയശേഷം ബോർഡ് കൃത്യമായി ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. ബോർഡ് നടത്തുന്ന പ്രശ്നം ഉദിക്കുന്നില്ല. എത്ര തുകയാണെന്നോ എന്തു പിരിച്ചെന്നോ അല്ല, ഒരു മാസത്തേക്ക് ഇൻസ്പെക്ഷൻ ഫീസ് എന്തു വാങ്ങിക്കുമെന്ന് ചോദിച്ചാൽ കഴിഞ്ഞ അഞ്ചു കൊല്ലക്കാലം

LIBRARY ARCHIVES Kerala Legislative Assembly

എത്ര തുക പിരിച്ചു എന്ന ചോദ്യം ചോദിച്ചാൽ മറുപടി പറയാം. അത് നിയമസഭയിൽ ചോദിക്കണമെന്നില്ല. ശ്രീ. കാനം രാജേന്ദ്രനെ ഞാൻ അറിയിക്കാം.

ശ്രീ. കാനം രാജേന്ദ്രൻ: നിയമസഭയിൽ ചോദിക്കുന്ന ചോദ്യം, ഇൻസ്പെക്ഷൻ ഫീസായി കൺസ്യൂമറിൽ നിന്ന് 50 പൈസ വീതം ഈടാക്കുന്നുണ്ട് എന്നു പറഞ്ഞാൽ ഒരു വർഷത്തെ വരുമാനം എത്രയാണെന്ന് ചോദിക്കാനുള്ള അവകാശം എനിക്കുണ്ട്. അതല്ലാതെ ചോദിക്കേണ്ട ആവശ്യമില്ലല്ലോ?

മി. സ്പീക്കർ: അങ്ങേക്ക് അവകാശമുണ്ട്. മറുപടി പറയേണ്ടത് എങ്ങനെയാണെന്ന് മന്ത്രി പറയട്ടെ. ഉണ്ടെങ്കിൽ പറയാം. ഇല്ലെങ്കിൽ പിന്നെ പറയാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, എന്റെ കയ്യിൽ അതിന്റെ ഫിഗേഴ്സില്ല. ഞാൻ അത് കൊടുക്കുമെന്നാണ് പറഞ്ഞത്. ഇതിൽ ഒളിച്ചുവയ്ക്കേണ്ട കാര്യം വല്ലതുമുണ്ടോ? ഒന്നുകിൽ നോട്ടീസ് ചോദിച്ചാൽ കൊടുക്കാം, അല്ലെങ്കിൽ നോട്ടീസ് ഇല്ലെങ്കിൽപ്പോലും അദ്ദേഹത്തെ അറിയിക്കാമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ഇനി അതിനെക്കുറിച്ച് വിവാദം വേണ്ട.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി ഈ ഗാർഹിക ഉപഭോക്താക്കളുടേത് 5 വർഷത്തിലൊരിക്കലും. സിനിമാ തീയറ്റർ തുടങ്ങിയവയിൽ രണ്ടു വർഷത്തിലൊരിക്കലും മറ്റ് ഹൈടെൻഷൻ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വർഷത്തിലൊരിക്കലും ആണ് ഇൻസ്പെക്ഷൻ നടത്തുന്നതെന്ന്. നമ്മുടെ സംസ്ഥാനത്ത് ഇൻസ്റ്റലേഷന്റെ തകരാറ് മൂലം വളരെ കൂടുതൽ വൈദ്യുതി നഷ്ടപ്പെടുന്നു എന്നുള്ള ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതുകൊണ്ട് ഈ ഇൻസ്പെക്ഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും 5 വർഷത്തിലൊരിക്കൽ, 2 വർഷത്തിലൊരിക്കൽ, വർഷത്തിലൊരിക്കൽ എന്നുള്ളതിനുപകരം ഈ പവർകട്ട് ഒക്കെ അനുഭവിക്കുന്ന സാഹചര്യത്തിൽ എല്ലാ ഇൻസ്റ്റലേഷൻസിലും രണ്ടു വർഷത്തിലൊരിക്കൽ ഇൻസ്പെക്ഷൻ നടത്തി വൈദ്യുതി ചോർച്ച തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇന്നുള്ളതിന്റെ മൂന്നിരട്ടി സ്റ്റാഫിനെ ഈ കാര്യത്തിനുവേണ്ടി നിങ്ങൾ പറയുന്നതനുസരിച്ച് നിയമിക്കേണ്ടിവരും. ഇപ്പോഴത്തെ നിയമമനുസരിച്ച്, അതായത് ഇൻഡ്യൻ ഇലക്ട്രിസിറ്റി റൂൾ 46 അനുസരിച്ച് 5 കൊല്ലത്തിലൊരിക്കലാണ് നടത്തേണ്ടത്. റൂൾ 7 അനുസരിച്ച് എൽ. റ്റി. കൺസ്യൂമേഴ്സിന് രണ്ടുകൊല്ലത്തിലൊരിക്കൽ ആണ് നടത്തേണ്ടത്. ഇ.എച്ച്.റ്റി. കൺസ്യൂമേഴ്സിന് അതേ റൂൾ അനുസരിച്ച്, അതായത് റൂൾ ഏഴ് അനുസരിച്ച് ഒരു കൊല്ലത്തിലൊരിക്കൽ ആണ് നടത്തേണ്ടത്. ഇത് നമ്മൾ ആറുമാസമെന്നോ ഒരു കൊല്ലമെന്നോ അല്ലെങ്കിൽ രണ്ടു കൊല്ലമെന്നോ ആക്കിയാൽ ഇന്നുള്ള സ്റ്റാഫിന്റെ ഏതാണ്ട് മൂന്നിരട്ടി സ്റ്റാഫ് ഈ കാര്യത്തിനുവേണ്ടി നമ്മൾ ഉപയോഗിക്കേണ്ടിവരും. സാമ്പത്തികമായ കാര്യങ്ങളുംകൂടെ പരിഗണിക്കാതെ പറ്റുകയില്ല. ഈ ചോർച്ച തടയാനും ലൈൻ ലോസ് കുറയ്ക്കുന്നതിനും ഉള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി: ആ പഴയ രീതിയിൽതന്നെ മാസാമാസം റീഡിംഗ് എടുത്ത് കൃത്യസമയത്തുതന്നെ പണം അടയ്ക്കുവാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: സർ, അത് ആലോചിക്കാൻ നിവൃത്തിയില്ല. കാരണം ഇൻഡ്യയിൽ ആകെ സ്വീകരിച്ചിരിക്കുന്ന ഒരു നിലപാടാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുമൂലവും ഇലക്ട്രിസിറ്റി ബോർഡിന് വളരെ കൂടുതൽ നഷ്ടം വരുന്നു എന്നുള്ള നിലയ്ക്കും, മൊത്തത്തിൽ സ്വീകരിച്ചിരിക്കുന്ന ഒരു നിലപാടും, സ്ലാബ് സിസ്റ്റവും, ഇപ്പോഴൊന്നുമല്ല, കേരളത്തിൽ ഇത് ഏർപ്പെടുത്തിയിട്ട് പത്തുപന്ത്രണ്ട് വർഷം കഴിഞ്ഞു. നമ്മൾ പിറകോട്ടു പോകാൻ സാദ്ധ്യതയില്ല. കാരണം, കോടിക്കണക്കിന് രൂപ ഇതുമൂലം ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം വരും. അതുകൊണ്ട് സ്ലാബ് സിസ്റ്റത്തിൽ നിന്ന് പിറകോട്ടു പോകാൻ സാദ്ധ്യതയില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇൻസ്പെക്ഷൻ കാര്യക്ഷമമല്ലാത്തതുകൊണ്ടും കാലതാമസം നേരിടേണ്ടി വരുന്നതുകൊണ്ടും മീറ്ററുകളിൽ കൃത്രിമം കാണിച്ച് ദശലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി മോഷ്ടിക്കപ്പെടുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ ബാലകൃഷ്ണ പിള്ള: സർ, ഇൻഡ്യയിൽ ആകെ ഇത് ശ്രദ്ധയിൽപ്പെടുകയും ഈ അടുത്തകാലത്തായി പാർലമെന്റ് പാസാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി മോഷ്ടിക്കുന്നവർക്ക് തടവുശിക്ഷ ഉൾപ്പെടെ കൊടുക്കുന്നതിനുള്ള നിയമം ഇൻഡ്യൻ പാർലമെന്റ് പാസാക്കുകയും ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഇലക്ട്രിസിറ്റിയുടെ മോഷണം വ്യാപകമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിയമംതന്നെ വേണ്ടിവന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: കല്ല്യാ പഞ്ചായത്തിൽ ചെറുവാളം, ഹരിജൻ കോളനിയിൽ വൈദ്യുതി കൊടുത്തിട്ട് ഏഴ് മാസമേ ആയിട്ടുള്ളൂ. അവിടെ ചെല്ലമ്മ എന്നുപറയുന്ന ഒരു സ്ത്രീക്ക് 3200 രൂപയുടെ അറിയേഴ്സ് ബില്ല് വന്നിരിക്കുന്നു. ഏഴുമാസത്തെ അധിക കറന്റ് ചാർജാണ് ഈ 3200 രൂപ. അത് എന്തുകൊണ്ട് വന്നു എന്ന് അന്വേഷിക്കുമോ; അതുപോലെ അത് റദ്ദാക്കാൻ ഉള്ള നടപടിക്രമത്തിന് പെറ്റീഷൻ തന്നാൽ മന്ത്രി പരിശോധിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: ഈ കാര്യം കൺസ്യൂമർ നമ്പർ ഉൾപ്പെടെ എഴുതി തരുകയും സ്ഥലം പറയുകയും ചെയ്താൽ ഇന്നുതന്നെ അന്വേഷിച്ച് ചെല്ലമ്മയുടെ കാര്യത്തിൽ പരിഹാരമുണ്ടാക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനത്തിന്റെ അപര്യാപ്തതമൂലം അത്യന്തം ഭീതിജനകമായ ഒരു സംഭവം കഴിഞ്ഞയാഴ്ച വർക്കലയിൽ ഉണ്ടായി. പാലച്ചിറയ്ക്ക് അടുത്ത് ആണ്. എന്റെ ഒരു സുഹൃത്തായ അദ്ദേഹത്തിന്റെ ഭാര്യ, അതായത് മുഹമ്മദ് ബഷീറിന്റെ ഭാര്യ, അവർ പാലച്ചിറ ഗവൺമെന്റ് സ്കൂളിലെ അദ്ധ്യാപികയാണ്. അവരുടെ ഭർത്താവിന്റെ അച്ഛനും അവരോടൊപ്പം ആണ് താമസം. രാവിലെ പശുവിന് പുല്ലുകൊടുക്കാൻചെന്ന അവസരത്തിൽ എർത്തിൽകൂടി

LIBRARY ARCHIVES Kerala Legislative Assembly

കാൻറ് ഉണ്ടായിരുന്നതുകൊണ്ട് പുല്ലെടുത്ത ഭർത്താവിന്റെ പിതാവിന് ഷോക്ക് ഏൽക്കുകയും തുടർന്ന് അവരുടെ ഭർത്താവിന്റെ അച്ഛനെ രക്ഷിക്കാൻചെന്ന അദ്ധ്യാപികയായ മരുമകൾക്കും ഷോക്ക് ഏൽക്കുകയും രണ്ടുപേരും തൽക്ഷണം മൃതിയടയുകയും ചെയ്തു. ഇൻസ്പെക്ഷന്റെ അപര്യാപ്തത എന്ന് റിപ്പോർട്ടുമുണ്ട്. ഇന്ന് പവ്വർ കട്ടാണ്. പക്ഷെ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്, കൈപ്പുണ്യമുള്ളവൻ ചികിൽസിച്ചാൽ ഗുണപ്പെടും, ഉടൻകൊല്ലി വൈദ്യൻ തൊട്ടാൽ ചാകും എന്ന്. ശ്രീ. ബാലകൃഷ്ണപിള്ള എന്ന ഒരു മന്ത്രി ഇരിക്കുന്നതുകൊണ്ട് ലൈറ്റുമില്ല, മഴയുമില്ല, പാവപ്പെട്ട രണ്ടുപേരുടെ ജീവനും നഷ്ടപ്പെട്ടു. അടിയന്തിരമായി ഇതിന് ആവശ്യമായ നടപടി എടുക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: കൈപ്പുണ്യമുള്ള ആളായ ശ്രീ. ഹസ്സൻ ഇതിനെപ്പറ്റി ഒരു നിവേദനം തന്നു. കൈപ്പുണ്യമുള്ളതുകൊണ്ട് ആയിരിക്കാം ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെപ്പറ്റി കിട്ടിയ റിപ്പോർട്ടുകൾ അവിടെ വയറിംഗ് നടത്തിയ കോൺട്രാക്ടറുടെ ശുഷ്കാന്തിക്കുറവുകൊണ്ട് എർത്ത് ശരിക്ക് കൊടുത്തിരുന്നില്ല എന്നാണ് പറയുന്നത്. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുന്നതിനുമുമ്പ് കോൺട്രാക്ടറുടെ വയറിംഗ് സർട്ടിഫിക്കറ്റ് വച്ചുകൊണ്ട് അപേക്ഷ കൊടുക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയുമാണ് ചെയ്യുന്നത്. അതായത് ലൈസൻസുള്ള അംഗീകൃത കോൺട്രാക്ടർ വയറിംഗ് നടത്തണമെന്നാണ് നിയമം. പക്ഷെ പല കേസുകളിലും അംഗീകാരമില്ലാത്ത കോൺട്രാക്ടർമാർക്ക് വയറിംഗ് ചെയ്യുന്നതിന് അംഗീകാരം കൊടുക്കുകയും കോൺട്രാക്ടർ ലൈസൻസ് കൊടുക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഇന്ന് കേരളത്തിൽ വ്യാപകമായി നിലവിൽ ഇരിപ്പുണ്ട്. അങ്ങനെയുള്ള കോൺട്രാക്ടർമാരെ ഡിസ്ക്വാളിഫൈ ചെയ്യുന്നതു ഉൾപ്പെടെയുള്ള നടപടികൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് ഈ പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ശ്രീ. ഹസ്സൻ പറഞ്ഞതനുസരിച്ച് ഈ കാര്യം പരിശോധിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് തെറ്റ് എന്തെങ്കിലുമുണ്ടെന്നു ബോദ്ധ്യമായാൽ അവർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഈ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കൊല്ലത്തിലൊരിക്കലോ മറ്റോ ആണ് വീടുകൾ പരിശോധിക്കുന്നത് എന്ന് പറഞ്ഞു. അതുപോലെ മറ്റ് സ്ഥാപനങ്ങളും പരിശോധിക്കുന്നു എന്ന് പറഞ്ഞു. അതിന് എല്ലാ വീടിനും ഫീസ് ഈടാക്കുന്നുണ്ട്. അങ്ങനെ ഈടാക്കുമ്പോൾ ഇതുപോലുള്ള മരണം സംഭവിച്ചാൽ ഗവൺമെൻറ് നഷ്ടപരിഹാരം കൊടുക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള: അതിന് ആക്ടിൽ പ്രൊവിഷനുണ്ട്. ഗവൺമെൻറല്ല കൊടുക്കേണ്ടത്. അതായത് ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് സ്റ്റാറ്റ്യൂട്ടറി അനേഷണം നടത്തുന്നത് ഇന്നാർ ആണെന്ന ഒരു വ്യവസ്ഥ ഉണ്ടാക്കി. ആ അനേഷണം നടത്തിക്കിട്ടുന്ന റിപ്പോർട്ടുകളിൽ ഇലക്ട്രിസിറ്റിബോർഡാണ് ഉത്തരവാദിയെന്നു പറഞ്ഞാൽ ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടപരിഹാരം കൊടുക്കാനുള്ള ബാധ്യതയുണ്ട്. അത് മാത്രമേ ഇപ്പോൾ നിയമത്തിൽ നിലവിലുള്ളു. ആ നിയമത്തിന് അപ്പുറത്ത് മറ്റൊന്നും ചെയ്യാൻ ഇപ്പോൾ ഗവൺമെൻറിന് കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ചോദിച്ചത് അതല്ല. പബ്ളിക് ആയിട്ട് നിങ്ങൾ കൊടുക്കും, പ്രൈവറാണെങ്കിൽ കൊടുക്കുന്നില്ല അതാണ്.

(ഉത്തരം പറഞ്ഞില്ല)

ഓണച്ചന്തകൾ

*271 [411] ശ്രീ. ടി. എസ്. ജോൺ:
,, എം. വി. മാണി:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള ഓണച്ചന്തകൾ സഹകാര്യ ഉടമകൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): (എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ടി. എസ്. ജോൺ: സർ, മാതൃഭൂമി പത്രത്തിൽ വെണ്ടയ്ക്ക അക്ഷരത്തിൽ ഒരു ഹെഡ്ഡിംഗോടുകൂടി വന്നതുകൊണ്ടാണ് ഞാൻ ഈ ചോദ്യം ചോദിച്ചത്. കഴിഞ്ഞവർഷം നടത്തിയതുപോലെ എല്ലാ താലൂക്കുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കടകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ? കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കടകൾ എത്രയെണ്ണം നടത്തുന്നുണ്ട്? ഈ വർഷം നടത്താൻ ആഗ്രഹിക്കുന്നുണ്ടോ? അതുപോലെതന്നെ കോർപ്പറേഷനുകളിൽ നടത്തിക്കൊണ്ടിരിക്കുന്ന കടകൾ ഏതെല്ലാം രീതിയിലാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. യു. എ. ബീരാൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ പത്രത്തിൽ അങ്ങനെ ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. പക്ഷെ ആ റിപ്പോർട്ട് ശരിയല്ല. അങ്ങനെ ഓണച്ചന്തകൾ സഹകാര്യ വ്യക്തികളെ ഏൽപ്പിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉദ്ദേശമില്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതുപോലെ ഈ പ്രാവശ്യവും ഓണക്കാലത്ത് വിപുലമായ തോതിൽ ഓണച്ചന്തകൾ നടത്തുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, എന്നീ 3 കോർപ്പറേഷനുകളിൽ വരുന്ന മാസം 12-ാം തീയതി മുതൽതന്നെ ബക്രീദ് ഫെയർ ആരംഭിച്ച് അത് ഓണം കഴിയുന്നതുവരെ 14.9.86 വരെ തുടർന്ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുപുറമേ 67 താലൂക്ക് ആസ്ഥാനങ്ങളിലും മറ്റുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഓണച്ചന്തകൾ

LIBRARY ARCHIVES Kerala Legislative Assembly